**മിണ്ടാപ്രാണികൾക്ക് കരുതലേകി തിരുവനന്തപുരം**

കോവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക്ഡൗണിൽ ആഹാരം കിട്ടാതെ വലയുന്ന മിണ്ടാപ്രാണികൾക്ക് വേണ്ടി അയൽക്കൂട്ട സംവിധാനത്തെയും തെരുവുനായ വന്ധ്യംകരണ (അനിമൽ ബെർത്ത് കൺട്രോൾ എ.ബി.സി) യൂണിറ്റുകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ് കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ. തെരുവിൽ അലഞ്ഞു നടക്കുന്ന മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്ന പ്രവർത്തനമാണ് ജില്ലയിലെ എ.ബി.സി യൂണിറ്റ് അംഗങ്ങൾ നടത്തുന്നത്. അതേസമയം വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് പുറമേ പക്ഷികൾക്കും മറ്റും കുടിവെള്ളവും തീറ്റയും ഉറപ്പുവരുത്തുന്ന ശ്രമങ്ങൾ ജില്ലയിലെ അയൽക്കൂട്ട അംഗങ്ങൾ വഴിയും നടത്തുന്നു.

മുഖ്യമന്ത്രിയുടെ ആഹ്വാനം സ്വീകരിച്ചാണ് തെരുവു നായകൾക്കും പക്ഷികൾക്കും ആഹാരം ലഭ്യമാക്കണം എന്ന തീരുമാനം ജില്ലാമിഷൻ കൈക്കൊണ്ടത്. എ.ബി.സി പദ്ധതിയിലൂടെ ജില്ലയിലെ യൂണിറ്റുകൾക്ക് ലഭിച്ചിരിക്കുന്ന ലാഭവിഹിതത്തിൽ നിന്നുള്ള തുക ഉപയോഗിച്ച് തെരുവിലലയുന്ന നായകൾക്ക് ഭക്ഷണം കൊടുക്കാനാണ് ജില്ലാമിഷൻ നിർദ്ദേശിച്ചത്. ജില്ലയിൽ ഏഴ് എ.ബി.സി യൂണിറ്റുകളാണുള്ളത്. മേഖല തിരിച്ച് ഓരോ യൂണിറ്റുകളെയും ചുമതല ഏൽപ്പിക്കുകയായിരുന്നു. ആയിരത്തോളം തെരുവുനായകൾക്ക് ഭക്ഷണം നൽകി വരുന്നു. തെരുവുനായകൾക്ക് ഭക്ഷണം നൽകാൻ താത്പര്യമുള്ളവർക്ക് 9562387855, 8089379165 എന്നീ നമ്പരുകളിൽ ബന്ധപ്പെടാനാകും.

30,000ത്തോളം വരുന്ന അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ നാല് ലക്ഷത്തോളം കുടുംബശ്രീ വനിതകളും അവരുടെ കുടുംബാംഗങ്ങളുമാണ് പക്ഷികൾക്കും മറ്റും ആഹാരം ഉറപ്പു വരുത്തുന്നത്. ഇത് സംബന്ധിച്ച സന്ദേശം എല്ലാ

അയൽക്കൂട്ടങ്ങൾക്കുമായി ജില്ലാമിഷൻ കോർഡിനേറ്റർ നൽകി. പക്ഷികൾക്ക് ചിരട്ടകളിലും മറ്റ് സൗകര്യമുള്ള പാത്രങ്ങളിലും കുടിവെള്ളം ലഭ്യമാക്കുകയും മറ്റ് ആഹാരങ്ങൾ നൽകുകയും ചെയ്യാനാണ് നിർദ്ദേശം നൽകിയത്. ഈ പ്രവർത്തനങ്ങളിലൂടെ ലോക്ക് ഡൗൺ കാലത്ത് മൃഗങ്ങളും പക്ഷികളും ആഹാരം കിട്ടാതെ വലയുന്ന അവസ്ഥ ഒരു പരിധി വരെ ഒഴിവാക്കാനാണ് തിരുവനന്തപുരം ജില്ലാമിഷന്റെ ശ്രമം.